9.30 AM]

ഉത്തരത്തിലെ തിരുത്ത്

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ഒരു തിരുത്തുണ്ട്. എന്റെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ഒരു തെറ്റിദ്ധാരണ ഉണ്ടായിട്ടുണ്ട്. എന്താണെന്നു ചോദിച്ചാൽ, ഇൻഫോ പാർക്കും സെക്നോപാർക്കുമെല്ലാം വന്നതിനുശേഷം സ്വകാര്യ സംരംഭകരായ ഒട്ടേറെ ആളുകൾ ഗവൺമെന്റിനെ സമീപിക്കുകയും സ്ഥലം കൊടുക്കുകയും ചെയ്തിട്ടുണ്ടെന്ന് ഞാൻ പറഞ്ഞുവെങ്കിലും പിന്നീട് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ചോദ്യത്തിൽ ഈ ഇൻഫോ പാർക്കിൽ എന്തുമാത്രം ആളുകൾക്ക് സ്ഥലം കൊടുത്തിട്ടുണ്ടെന്ന് സ്പെസിഫിക്കായി ചോദിച്ചപ്പോൾ ഇല്ല എന്ന് ഞാൻ പറഞ്ഞത് പിശകാണ്. ഡെവലപ്പേഴ്സ് ആയ ലീല സോഫ്ട്വെയർ, ബ്രിഗേഡ് ആന്റ് എൽ.എൻ.ജി എന്നിവർക്കും ഐ.ടി. പാർക്കിനായി വിപ്രോ, ടി.സി.എസ്., ഐ.ബി.എസ് എന്നിവർക്കും കൂടി അറുപത് ഏക്കറോളം ഭൂമി നൽകിയിട്ടുണ്ട്. ഇത് പൂർണ്ണമായി ഐ.ടി. ആവശ്യത്തിനായി ഉപയോഗിക്കും. ഇത് ഐ.ടി. രംഗത്ത് സ്വകാര്യ പങ്കാളിത്തത്തോടെ ഐ. ടി. വികസനത്തിനുള്ള സർക്കാർ നയത്തിന്റെ ഭാഗമാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): നിങ്ങൾ പറഞ്ഞത് ഇൻഫോ പാർക്ക് യു. ഡി. എഫ്. വിറ്റു എന്നാണ്. നിങ്ങൾ പൊതുമേഖലയെ സംരക്ഷിക്കുമെന്ന് പറഞ്ഞു. യു.ഡി.എഫ് ഭരണകാലത്തു ചെയ്തതുപോലെ തന്നെ നിങ്ങൾ ഇപ്പോൾ സ്വകാര്യ കമ്പനികൾക്ക് കൊടുത്തു.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: അതെല്ലാം ഒരു വ്യാഖ്യാനമായി കരുതാവുന്നതാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: വ്യാഖ്യാനമല്ല, യാഥാർത്ഥ്യം.

II അടിയന്തരപ്രമേയം

സർക്കാർ, അർദ്ധ-സർക്കാർ സ്ഥാപനങ്ങളിലെ താൽക്കാലിക നിയമനം

മി. സ്പീക്കർ: സർക്കാർ, അർദ്ധ-സർക്കാർ സ്ഥാപനങ്ങളിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ആയിരിക്കണമെന്ന് നിർദ്ദേശം നിലവിലിരിക്കേ അതിനു വിപരീതമായി നിയമനം ലഭിച്ച താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിക്കൊണ്ടിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ജോസഫ് എം. പുതുശ്ശേരി, കെ. ബാബു, സി. ടി. അഹമ്മദ് അലി, കെ. ബി. ഗണേഷ് കുമാർ, കെ. കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): നിയമന നിരോധനം കൊണ്ടുവന്ന് സംസ്ഥാനത്ത് തൊഴിലില്ലായ്മ രൂക്ഷമാക്കിയത് മുൻ യു.ഡി.എഫ്. ഗവൺമെന്റാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയോ നഷ്ടത്തിലാക്കി രോഗഗ്രസ്തമാക്കുകയോ ആയിരുന്നു മുൻ സർക്കാർ ചെയ്തിരുന്നത്. അന്ന് ആയിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടു. പുതുതായി അധികം ആളുകൾക്ക് ജോലി ലഭിച്ചില്ല. ആ അവസ്ഥയ്ക്ക് മാറ്റം വരുകയും ലക്ഷക്കണക്കിന് ആളുകൾക്ക് സർക്കാർ സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും തൊഴിൽ ലഭിക്കുകയും ചെയ്ത കാലമാണിത്. KITCO വഴി തൊഴിലില്ലായ്മയ്ക്ക് വലിയ ഒരു അളവോളം പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്. അത് ജനങ്ങളിൽ ഉണ്ടാക്കിയ മതിപ്പിൽ ബേജാറായിട്ടാണ് ശ്രീ. ജോസഫ് എം. പുതുശ്ശേരിയെ പോലുള്ളവർ ദുരാരോപണങ്ങളുമായി മുന്നോട്ടു വരുന്നത്. ഇതേ കാര്യം ഈ സഭയിൽ ഒരിക്കൽ ചർച്ച ചെയ്തതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കി അടച്ചിട്ടിരുന്ന സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിച്ചു. പുതുതായി ഒമ്പത് പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിച്ചു. അവിടെ നിയമനം നടത്തുന്നത് KITCO, Institute of Personnel Management, National Productivity Council, എന്നീ പ്രമുഖ സ്ഥാപനങ്ങൾ മുഖേനയാണ്. എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടാണ് നിയമനങ്ങൾ നടത്തുന്നത്. വർഷങ്ങളായി താല്ക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ച് സ്ഥിരപ്പെടുത്തുന്നതിനെ നിങ്ങൾ എതിർക്കുന്നത് ക്രൂരതയാണ്. വർഷങ്ങൾക്കു മുമ്പ് നിങ്ങളുടെ ഭരണകാലത്ത് നിയമിക്കപ്പെട്ട എംപാനൽ, സി.എൽ.ആർ. വിഭാഗങ്ങളെയാണ് സ്ഥിരപ്പെടുത്തുന്നത്. കേരളാ ഹൗസ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ നിങ്ങളുടെ ഭരണകാലത്ത് എത്രപേരെ മാനദണ്ഡങ്ങൾ പാലിക്കാതെ സ്ഥിരപ്പെടുത്തി എന്ന് ഈ സഭയിൽ പരാമർശിക്കപ്പെട്ടതാണ്. വർഷങ്ങളോളം വേതനമില്ലാതെ, മറ്റ് ആനുകൂല്യങ്ങൾ ഒന്നുമില്ലാതെ കഠിനാധ്വാനം ചെയ്ത പാവപ്പെട്ട തൊഴിലാളികളെ സ്ഥാപനത്തിൽ അവരുടെ സേവനം ആവശ്യമായിരുന്നിട്ടും വഴിയാധാരമാക്കി വിടുന്നതിന് ഞങ്ങൾ അനുകൂലിക്കുന്നില്ല. Use and throw എന്നാണ് നിങ്ങൾ പാലിച്ചുവന്ന കീഴ്വഴക്കം. ആഗോളവത്കരണ സാമ്പത്തിക നയത്തിന്റെ ഭാഗമാണിത്. ഏത് സ്ഥാപനത്തിലായാലും പത്തു വർഷം പൂർത്തിയാക്കിയ താല്ക്കാലിക ജീവനക്കാരെ ഒരു കാരണവശാലും പിരിച്ചുവിടരുതെന്നാണ് ഞങ്ങളുടെ നയം. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവസ്വം ബോർഡ്, സർവ്വകലാശാല അദ്ധ്യാപക ജീവനക്കാർ എന്നിങ്ങനെ ഏഴ് വിഭാഗങ്ങളിലെ നിയമനങ്ങൾകൂടി പി.എസ്.സി.-ക്ക് വിട്ടിട്ടുണ്ട്. സർക്കാർ അർദ്ധ-സർക്കാർ സ്ഥാപനങ്ങളിലേയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും നിയമനങ്ങൾ എല്ലാ മാനദണ്ഡങ്ങളും പാലിച്ച് തികച്ചും സുതാര്യമായാണ് നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ഞാൻ ഇവിടെ അടിയന്തര പ്രമേയ നോട്ടീസിൽ പറഞ്ഞിരിക്കുന്ന ഒരു കാര്യത്തിനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമായ മറുപടി പറഞ്ഞിട്ടില്ല. അരി എത്ര എന്ന് ചോദിക്കുമ്പോൾ പയർ അഞ്ഞാഴി എന്നു പറയുന്ന സമീപനമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എടുത്തിരിക്കുന്നത്. ഇവിടെ നിയമനം നടത്തുന്നതിനെക്കുറിച്ചല്ല ഞങ്ങൾ പറഞ്ഞത്. ഇവിടെ കഴിഞ്ഞ ഗവൺമെന്റ് നിയമന നിരോധനമുണ്ടാക്കി. ഞങ്ങൾ നിയമിച്ചു എന്ന് വീമ്പ് കാണിക്കാനാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രമിച്ചിരിക്കുന്നത്. അതല്ല ഇവിടുത്തെ പ്രശ്നം. ഇവിടെ താല്ക്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തുകയാണെങ്കിൽ അത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി ആയിരിക്കണമെന്ന് നിർദ്ദേശമുണ്ട്. ആ നിർദ്ദേശം കാറ്റിൽ പറത്തിക്കൊണ്ട് പിൻവാതിൽ നിയമനം നടക്കുന്നു എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. അങ്ങനെ നിയമിക്കുന്ന ആളുകളെ സ്ഥിരപ്പെടുത്താനുള്ള വലിയ ഒരു നടപടി കൂടി നടന്നുകൊണ്ടിരിക്കുകയാണ്. കാലാവധി പൂർത്തിയാകുവാൻ പോകുന്ന മന്ത്രിസഭയുടെ ഈ ദിവസങ്ങളിലെ മന്ത്രിസഭാ യോഗങ്ങളുടെ അജണ്ടയിലെ പ്രധാനപ്പെട്ട വിഷയം സ്ഥിരപ്പെടുത്തൽ നടപടിയാണ്. ഇങ്ങനെ വിവിധ സ്ഥലങ്ങളിൽ തിരുകി കയറ്റിയ പാർട്ടിക്കാരുടേയും പാർട്ടി ബന്ധുക്കളുടേയും ആളുകളെ സ്ഥിരപ്പെടുത്താനുള്ള നടപടിയാണ് നടക്കുന്നത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയണം. കേരളത്തിലെ മാധ്യമങ്ങളെല്ലാം ഈ കാര്യങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കഴിഞ്ഞ മന്ത്രിസഭാ യോഗത്തിൽ റീജിയണൽ ക്യാൻസർ സെന്ററിലെ 128 പേരെ സ്ഥിരപ്പെടുത്താൻ തീരുമാനിച്ചു. മന്ത്രിസഭാ കുറിപ്പിൽ 127 പേരുടെ പേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അത് മന്ത്രിസഭാ യോഗം ചർച്ച ചെയ്തപ്പോൾ ഒരാൾ കൂടിയുണ്ട് എന്നു പറഞ്ഞ് ഒരു മന്ത്രി പ്രമുഖൻ ആളിന്റെ പേരില്ലാതെ 128 എന്ന് തീരുമാനിച്ചു. അതാണ് സർ ഏറ്റവും രസാവഹമായ കാര്യം. 127 പേരുടെ പേർ പട്ടിക ഉണ്ടായിരുന്നിടത്ത് ഒരാൾകൂടി ഉണ്ടെന്നു പറഞ്ഞ് തീരുമാനമെടുത്തതിനു ശേഷം ആ പേരുകൂടി ചേർത്ത് 128 പേരെ സ്ഥിരപ്പെടുത്തി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയണം, ഇത് എങ്ങനെ വന്നു? ഈ 127 പേരുടെ കുറിപ്പു വന്നിടത്ത് 128-മത്തെ ആളിന്റെ പേരില്ലാതെപിന്നീട് തീരുമാനം വഴി വരുന്ന സാഹചര്യമുണ്ടായി. എങ്ങനെയാണ് വന്നത്? എത്ര നിയമനങ്ങൾ ഉണ്ടായി? സിഡ്കോ, പിസ്റ്റേറ്റിൽ ജോലി ചെയ്യുന്ന ആളുകളെ സ്ഥിരപ്പെടുത്തി. കേരളാ ഇലക്ട്രിക്കൽ ആന്റ് അലൈഡ് കമ്പനി പതിനൊന്നു പേരെ സ്ഥിരപ്പെടുത്തി. അങ്ങയുടെ കീഴിലുള്ള സയൻസ് ആന്റ് ടെക്നോളജി വാക്ക് ഇൻ ഇന്റർവ്യൂ നടത്തി നിയമിച്ച ആളിനെ സ്ഥിരപ്പെടുത്താൻ തീരുമാനമെടുത്തിരിക്കുകയാണ്. അങ്ങേയ്ക്ക് അറിയുകയില്ലേ? അങ്ങയുടെ ഡിപ്പാർട്ടുമെന്റല്ലേ? വാക്ക് ഇൻ ഇന്റർവ്യൂ നടത്തി എടുത്ത ആളിനെ സ്ഥിരപ്പെടുത്താൻ തീരുമാനമെടുത്തു. അങ്ങയുടെ ഡിപ്പാർട്ടുമെന്റ് എടുത്തിരിക്കുന്ന ഈ തീരുമാനത്തെ എ. ജി. ചോദ്യം ചെയ്തിരിക്കുകയാണ്. അങ്ങേയ്ക്ക് നിഷേധിക്കുവാൻ കഴിയുമോ? ഇത്തരത്തിലാണ് കാര്യങ്ങൾ. ഇന്നലത്തെ മന്ത്രിസഭാ യോഗം ഇതുപോലെ തീരുമാനമെടുത്തിരിക്കുന്നു. ഇതാണ് പ്രധാന നടപടി. സർ, ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

സംവരണ തത്വങ്ങൾ പാലിക്കപ്പെടുന്നില്ല. ഏറ്റവും പ്രധാനപ്പെട്ട കാര്യം അതാണ്. നമ്മൾ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തി സംവരണ തത്വം പാലിക്കപ്പെടാതെ പോയതിന് അനുപാതമായി ആളുകൾ വന്നിട്ടില്ല എന്നുള്ളതുകൊണ്ട് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തി ആളുകളെ നിയമിച്ച ഒരു ചരിത്രമാണ് നമുക്കുള്ളത്. സംവരണതത്വം അട്ടിമറിച്ചുകൊണ്ട് ഇഷ്ടക്കാരെയും ബന്ധുക്കളെയും തിരുകിക്കയറ്റുന്ന നടപടിയാണ് ഇവിടെ നടന്നിട്ടുള്ളത്. പിൻവാതിൽ നിയമനം ധാരാളമായി നടക്കുകയാണ്. സർ, ഇല്ലാത്ത 9 പൊതു മേഖലാ സ്ഥാപനങ്ങൾ. ആ 9 പൊതുമേഖലാ സ്ഥാപനങ്ങൾ ഇതുവരെ രൂപീകരിക്കപ്പെട്ടിട്ടില്ല. ശൂന്യതയിൽ ഇരിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രി 40,000 കോടി രൂപയുടെ റോഡ് വികസനം പ്രഖ്യാപിച്ചതുപോലെയാണ്. ഇല്ലാത്ത ബാങ്കിന്റെ വായ്പയെടുത്ത് 40,000 കോടി രൂപയുടെ റോഡ് വികസനം പറഞ്ഞതുപോലെയാണ്. ഞാൻ ഒന്നു പറഞ്ഞുകൊള്ളട്ടെ. 9 പൊതു മേഖലാ സ്ഥാപനങ്ങളില്ല. ആ സ്ഥാപനത്തിനുവേണ്ടി ഇന്റർവ്യൂ നടത്തുകയാണ്. ഇവർക്ക് എന്താണ് അധികാരം? നിയമനങ്ങൾ പി.എസ്.സി. -ക്ക് വിട്ട സ്ഥാപനങ്ങളിൽ നിയമനം നടത്താൻ നിങ്ങൾക്ക് എന്താണ് അധികാരം? സ്ഥിരപ്പെടുത്തുന്നതിന് ചില നടപടിക്രമങ്ങൾ ഇല്ലേ? ഇവിടെ ഗവൺമെന്റിന്റെ ഉത്തരവുണ്ട്. 1996-ൽ ഗവൺമെന്റ് ഉത്തരവിറക്കിയിട്ടുണ്ട്. ആ ഉത്തരവിൽ കാഷ്വൽ ലേബറേഴ്സ്, സീസണൽ ലേബറേഴ്സ് എന്നിവരെ സ്ഥിരപ്പെടുത്താൻ പാടില്ലെന്ന് പറഞ്ഞിട്ടുണ്ട്. ഞാൻ മുഖ്യമന്ത്രിയോട് ചോദിക്കുകയാണ് ആ ഉത്തരവ് ഈ ഗവൺമെന്റ് തിരുത്തിയിട്ടുണ്ടോ? ആ ഉത്തരവ് നിലനിൽക്കേ എങ്ങനെ ഈ തീരുമാനം എടുക്കാൻ കഴിയും? ഇത് നിയമവിരുദ്ധമായ നടപടിയാണ്? ബന്ധപ്പെട്ട വകുപ്പുകൾ പരിശോധിക്കണം. ഒരു വകുപ്പിലും പരിശോധന നടന്നിട്ടില്ല. ധനബാധ്യത സംബന്ധിച്ച് പരിശോധന ഉണ്ടാകണം. ധനകാര്യ വകുപ്പ് കണ്ട് ഇതിന്റെ ബാധ്യതയെന്താണെന്ന് തീരുമാനിച്ച് പുതിയ തസ്തിക സൃഷ്ടിക്കുന്നതിന് അനുസൃതമായ തീരുമാനമെടുക്കണം. ഒന്നും ഉണ്ടായിട്ടില്ല. ഇതുപോലെ ഇപ്പോഴും പിൻവാതിൽ നിയമനം ധാരാളമായി നടക്കുന്നു. ആരോഗ്യ കേരളം, കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ടാണ്. നിയമനം എങ്ങനെയാണ് നടക്കുന്നത്? കണ്ണൂരിൽ 803 പേരെ നിയമിച്ചതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി ഏഴ് പേരെ നിയമിച്ചു. ആലപ്പുഴയിൽ 248 പേരെ നിയമിച്ചു. കുറ്റം പറയരുതല്ലോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഒരാളെയും നിയമിച്ചു. ഇടുക്കിയിൽ 517 പേരിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി മൂന്നു പേരെ നിയമിച്ചു. ഇവിടെ ആരോഗ്യ കേരളം പരിപാടിക്കുവേണ്ടി ഒരു ജില്ലയിൽ ഡോക്ടർമാരും നഴ്സുമാരും ഉള്ളതിനേക്കാൾ കൂടുതൽ ഇത്തരം സ്റ്റാഫുകളെ നിയമിച്ചിരിക്കുകയാണ്. എട്ടും പത്തും പി.ആർ.ഒ. മാരെ ഒരു ജില്ലയിൽ നിയമിച്ചിരിക്കുന്നത് എന്തിനുവേണ്ടിയാണ്? .....(ബഹളം)..... ആരോഗ്യകേരളം പരിപാടിയിൽ എട്ടും പത്തും പി.ആർ.ഒ.മാർക്ക് നിയമനം കൊടുക്കുന്നത് എന്തിനുവേണ്ടിയാണ്? മലയാള മനോരമ പത്രത്തിൽ വന്ന വാചകം ഞാൻ വായിക്കുകയാണ് നേരായ വഴിയിൽ വരുമെന്ന് പ്രതീക്ഷിച്ച് പി.എസ്.സി. യുടെ വെബ്സൈറ്റ് നോക്കിയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നുള്ള കാർഡ് പ്രതീക്ഷിച്ചുമിരിക്കുന്ന ലക്ഷക്കണക്കിന് തൊഴിൽ രഹിതരുടെ മുറിവുകളിൽ മുളക് തേയ്ക്കുന്ന സ്ഥിരപ്പെടുത്തലുകളാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: യേസ്.....യേസ്.....

ശ്രീ. ജോസഫ് എം. പുതുശ്ശേരി: ഇത് സർക്കാർ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. സ്വന്തക്കാരെ തിരുകിക്കയറ്റാൻ വേണ്ടി, പോകുന്ന പോക്കിന് സ്വന്തക്കാരെയും ഇഷ്ടക്കാരേയും സർക്കാർ ജീവനക്കാരാക്കി ശംബളം പറ്റാനും അവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ അടക്കമുള്ള കാര്യങ്ങൾ നൽകാനുമാണ് ഇത്തരമൊരു നടപടി.

മി. സ്പീക്കർ: യേസ്.....യേസ്.....ബഹുമാനപ്പെട്ട മുഖ്യമന്ത്രി.....

ശ്രീ. ജോസഫ് എം. പുതുശ്ശേരി: ഇവിടെ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി സ്വന്തം മരുമകളെ മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫായി നിയമിച്ചിരിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ബഹുമാനപ്പെട്ട ജോസഫ് എം. പുതുശ്ശേരി വാക്കൗട്ട് നടത്താൻ വേണ്ടി തയ്യാറാക്കിയിട്ടുള്ള ഒരു ലിസ്റ്റാണ് ഇപ്പോൾ വിശദമായി അദ്ദേഹത്തിന്റെ അനുയായികളുടെ കയ്യടി വാങ്ങിക്കൊണ്ട് നടത്തിയിട്ടുള്ളത്. അദ്ദേഹത്തിന്റെ പരാമർശനങ്ങളിൽ ഒരു കഴമ്പുമില്ല. സ്ഥാപനങ്ങളുടെ വ്യക്തമായ സെലക്ഷന്റെ അടിസ്ഥാനത്തിലാണ് എല്ലാ സ്ഥലങ്ങളിലും നിയമനം നടത്തിയിട്ടുള്ളത്. പത്ത് വർഷത്തിലേറെ കാലമായിട്ടും അവരെയൊന്നും സ്ഥിരപ്പെടുത്തുന്ന ഒരു സമീപനവും സ്വീകരിച്ചിട്ടില്ല. അങ്ങനെയുള്ള തൊഴിലാളികൾക്ക് അവരുടെ ജീവിതം സുരക്ഷിതമാക്കാൻ വേണ്ടി ചില സ്ഥിരപ്പെടുത്തൽ നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. അതൊന്നും തെറ്റാണെന്ന് കരുതുന്നില്ല. വ്യവസ്ഥയ്ക്ക് വിരുദ്ധമായി യാതൊന്നും ചെയ്തിട്ടില്ല. പോകാൻ പോകുന്ന പോക്കിൽ എന്ന ഒരു ആക്ഷേപം ശ്രീ. ജോസഫ് എം. പുതുശ്ശേരി പറഞ്ഞു. പോകുന്നുണ്ടോ വരുന്നുണ്ടോ ഇല്ലയോ എന്നതിനെ സംബന്ധിച്ച് കാസർഗോഡ് നിന്ന് പുറപ്പെട്ട ജാഥയ്ക്ക് ശേഷം മനപ്പായസം ഉണ്ടുകൊണ്ടാണ് അവർ നടക്കുന്നത്. ജാഥാ നേതാവിനെ സംബന്ധിച്ച് അഴിമതിയുടെ ആക്ഷേപം വന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി തന്നെ പറഞ്ഞു ഗവൺമെന്റ് പോലും എന്റെ നേരെ ആക്ഷേപങ്ങളൊന്നും ഉന്നയിച്ചിട്ടില്ലെന്ന്. പാമോലിൻ അഴിമതി സംബന്ധിച്ച കേസിൽ ബഹുമാനപ്പെട്ട കരുണാകരൻ നമ്മെ വിട്ട് പിരിഞ്ഞതിനുശേഷം നിലവിൽ രണ്ട് പ്രതികളാണുണ്ടായിരുന്നത്. ആ പ്രതികളുടെ കൂടെ പുതിയതായി ഒരു പ്രതിയും കൂടി വരുമോ എന്ന നിലയിലുള്ള വാർത്ത പത്രത്തിൽ വന്നുകൊണ്ടിരിക്കുകയാണ്. അവരുടെ മുൻ മന്ത്രിമാർ തന്നെ അത് സംശയമായി ഉന്നയിച്ചു കഴിഞ്ഞിരിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി..... (ബഹളം)

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: അങ്ങനെ വരുമ്പോഴാണ് ബഹുമാനപ്പെട്ട പുതുശ്ശേരി ഒരു മനപ്പായസം കുടിച്ചുകൊണ്ട് പോകുന്ന പോക്കിൽ എന്ന് പറഞ്ഞത്. പോകാൻ പോകുന്നത് ആരാണ്, വരാൻ പോകുന്നത് ആരാണ് എന്നുള്ളത് തെരഞ്ഞെടുപ്പിനു ശേഷം നമുക്ക് അറിയാം. അതുകൊണ്ട് അടിസ്ഥാന രഹിതമായ ഈ അടിയന്തരപ്രമേയം യാതൊരു തരത്തിലും ചർച്ച ചെയ്യേണ്ടതില്ല. അത് തള്ളിക്കളയണം എന്നാണ് എന്റെ അഭിപ്രായം.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

(പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസ്സിനു താഴെ വന്നുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലേക്ക് പോകണം. .....(ബഹളം).....പ്ലീസ് ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലേക്ക് പോകണം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്.

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിലേക്ക് മടങ്ങിപ്പോയി.)

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇവിടുത്തെ അടിയന്തര പ്രമേയം ഡിസ്പോസ് ചെയ്യുന്നതിനു മുൻപുള്ള എന്റെ ചോദ്യം മുഖ്യമന്ത്രിയോടാണ്. മുഖ്യമന്ത്രി പറഞ്ഞ മറ്റ് കാര്യങ്ങൾക്കൊക്കെ ഞാൻ പ്രസംഗിക്കുമ്പോൾ മറുപടി പറഞ്ഞുകൊള്ളാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങ് പറഞ്ഞു. ഇപ്പോൾ നടക്കുന്ന ഈ സ്ഥിരപ്പെടുത്തൽ നടപടിക്ക് ഒരു തകരാറുമില്ലെന്ന്. എനിക്ക് ഒന്ന് ചോദിക്കാനുള്ളത് .....(ബഹളം).....

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ ഇരിക്കണം. ..... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്.....

ശ്രീ. ഉമ്മൻ ചാണ്ടി: അങ്ങ് പറഞ്ഞു ഈ നിയമനമൊക്കെ കറക്ടാണെന്ന്. എന്റെ ഒറ്റ ചോദ്യം ഈ നിയമനങ്ങളിൽ കമ്മ്യൂണൽ റൊട്ടേഷൻ പാലിച്ചിട്ടുണ്ടോ? റിസർവ്വേഷൻ തത്വങ്ങൾ പാലിച്ചിട്ടുണ്ടോ?

ശ്രീ. വി. എസ്. അച്യുതാനന്ദൻ: ചില സ്ഥാപനങ്ങൾ തത്വങ്ങളുടെ അടിസ്ഥാനത്തിലാണ് നിയമനം നടത്തിയിട്ടുള്ളത്. അതിൽ ഇന്ന സ്ഥാപനത്തിൽ നടത്തിയിട്ടുള്ള നിയമനത്തിൽ ഇന്നതുപോലെ വന്നിട്ടില്ലെന്നുള്ള സ്പെസഫിക്കായിട്ടുള്ള ചോദ്യങ്ങൾ ചോദിച്ചാൽ അതിന് അതർഹിക്കുന്ന നിലയിലുള്ള മറുപടി പറയും. അതല്ലാതെ അർത്ഥ ശൂന്യമായ ചോദ്യങ്ങൾ ചോദിച്ചിട്ട് ഇങ്ങനെ പറഞ്ഞിട്ട് യാതൊരു അർത്ഥവുമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ചെയർ കരുതുന്നില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): സർ, വളരെ വ്യക്തമായ എന്റെ ചോദ്യത്തിന് മറുപടി തരാതെ മുഖ്യമന്ത്രി ഒഴിഞ്ഞു മാറി. പി.എസ്. സി. വഴിയുള്ള നിയമനം ഒഴിവാക്കുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനം ഒഴിവാക്കുന്നു. ഇഷ്ടക്കാരേയും സ്വന്തക്കാരേയും സ്ഥിരപ്പെടുത്തുന്നു എന്നു പറഞ്ഞ് വ്യാപകമായ ആക്ഷേപം വന്ന സാഹചര്യത്തിലാണ് ശ്രി. ജോസഫ് എം. പുതുശ്ശേരി ഇവിടെ അടിയന്തിര പ്രമേയം അവതരിപ്പിച്ചത്. സ്ഥാപനങ്ങളുടെ പേര് സഹിതം പറഞ്ഞു. മുഖ്യമന്ത്രി അതിനെയൊക്കെ ന്യായീകരിച്ചു. ഞാൻ വളരെ വ്യക്തമായി ഒരു ചോദ്യം ചോദിച്ചു. നിയമനം പി.എസ്.സി വഴി അല്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി വേണമെന്ന് നിഷ്കർഷിക്കുന്നതിന് കാരണം സാമൂഹിക നീതി നടപ്പിലാക്കണം, റിസർവ്വേഷൻ ചട്ടങ്ങൾ നടപ്പിലാക്കണം എന്നുള്ളതു കൊണ്ടാണ്. ഇന്ന് നടന്നിട്ടുള്ള ഈ നിയമനങ്ങളിൽ അതൊന്നും നോക്കിയിട്ടില്ല എന്ന സാഹചര്യത്തിലാണ് ഞാൻ ചോദിച്ചത്. അങ്ങേക്ക് പോലും അതിനൊരു മറുപടി തരാൻ പറ്റുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.എസ്. അച്ചുതാനന്ദൻ: പ്രതിപക്ഷ നേതാവേ, അതാണല്ലോ ശ്രീ. ജോസഫ്.എം. പുതുശ്ശേരിയുടെ അടിയന്തരപ്രമേയത്തിന്റെ കാതലായ പ്രശ്നം. ഈ സാമൂഹ്യ നീതിയുടെ പരിപാലനത്തിന്റെ ആൾ ആരാണ്? നിങ്ങൾ, നിങ്ങളുടെ മുന്നണി. ബാക്കിയുള്ളവരെല്ലാം സാമൂഹ്യനീതിയെ നിഷേധിക്കുന്നവരെന്ന് വരുത്തിത്തീർക്കുന്നതിനല്ലേ ശ്രീ. ജോസഫ്എം. പുതുശ്ശേരിയെ ഈ ചുമതല ഏൽപ്പിച്ചത് എന്നു ഞാൻ ചോദിക്കുകയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: അങ്ങ് ഒന്ന് മനസ്സിലാക്കണം. ശ്രീ. ജോസഫ്. എം. പുതുശ്ശേരി ഈ ഉത്തരവാദിത്തം ഏറ്റെടുത്തത് സഭയുടെ നിലവിലുള്ള റൂൾ അനുസരിച്ചാണ്. റൂൾ 50 അനുസരിച്ച് ഒരു മെമ്പറുടെ അവകാശങ്ങളനുസരിച്ചു തന്ന നോട്ടീസാണ്. ഇക്കാര്യത്തിൽ വ്യാപകമായ പരാതി ഉയർന്നിട്ടുണ്ട്. ഇന്ന് സ്വന്തക്കാർക്കും ബന്ധുക്കൾക്കും വേണ്ടിയുള്ള നിയമനങ്ങളാണ് നടക്കുന്നത്. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കട്ടെ, ഒമ്പത് പൊതുമേഖലാ സ്ഥാപനങ്ങൾ രൂപീകരിക്കാൻ നിങ്ങൾ തീരുമാനിച്ചു. ആ ക്യാബിനറ്റിൽത്തന്നെ 1919 തസ്തികകൾകൂടി സൃഷ്ടിക്കാൻ തീരുമാനിച്ചു. എന്നിട്ട് ദിവസങ്ങൾകൊണ്ട് അതിന്റെ ടെസ്റ്റ്, ഇന്റർവ്യൂ, നിയമനം ഒക്കെ നടത്തി. ഇതൊക്കെ ആർക്കാണ് അറിയാൻ പാടില്ലാത്തത്?.....(ബഹളം).....

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : ഒൻപത് പൊതു മേഖലാ സ്ഥാപനങ്ങൾ രൂപീകരിക്കാൻ തീരുമാനിച്ച ക്യാബിനറ്റിൽ വച്ചല്ല തസ്തിക സൃഷ്ടിച്ചത്. തീരുമാനത്തിനുള്ള പ്രഖ്യാപനം ഉണ്ടായത് കഴിഞ്ഞ ബഡ്ജറ്റിലാണ്. ബഡ്ജറ്റ് കഴിഞ്ഞിട്ടും വർഷങ്ങൾ കഴിയാതെ ഒരു മാസത്തിനുള്ളിൽ തീരുമാനമെടുത്തു. അതിന്റെ അടിസ്ഥാനത്തിൽ ഇതിന്റെ പണികളൊക്കെ പുരോഗമിച്ച് ഈ ഫെബ്രുവരി മാസത്തിൽ ഇവയൊക്കെ ഉദ്ഘാടനം ചെയ്യാൻ പറ്റുന്ന തരത്തിൽ മെഷീനറിയെല്ലാം വരുത്തിയതിനു ശേഷം ഫിനാൻസ് ഡിപ്പാർട്ടുമെന്റ് ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റിന്റെ പ്രൊപ്പോസൽ ജോയിന്റ് കോൺഫറൻസിൽവച്ച് പരിശോധിച്ച് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ക്യാബിനറ്റിൽ കൊണ്ടുപോയി ക്യാബിനറ്റ് അംഗീകരിക്കുകയാണ് ചെയ്തത്. അങ്ങ് കരുതുന്നതുപോലെയല്ല, പൊതുമേഖലാ സ്ഥാപനങ്ങളിലെ മുഴുവൻ നിയമനവും പി.എസ്.സി-ക്ക് വിട്ടിട്ടില്ല. വർക്കർ കാറ്റഗറി ഏത് കാലത്താണ് പി.എസ്.സി-ക്ക് വിട്ടിട്ടുള്ളത്? അതുകൊണ്ട് ക്യാബിനറ്റ് ട്രാൻസ്പരന്റായി അംഗീകാരം നൽകി. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ നിയമനത്തെക്കുറിച്ച് നമുക്കറിയാം, ഒരാൾക്ക് പതിനഞ്ച് പേർ വച്ച് അയയ്ക്കും. ആ പതിനഞ്ച് പേരിൽ ആരെ വേണമെന്ന് നമ്മൾ തീരുമാനിക്കുന്നു. അതിന് പകരം ആ കാലതാമസവുംകൂടി കണക്കിലെടുത്തുകൊണ്ട് .....(ബഹളം) .....അത് ഇന്ന രീതിയിൽ വേണമെന്നില്ല. ക്യാബിനറ്റ് തീരുമാനിച്ചു. അംഗീകൃത ഏജൻസികളെക്കൊണ്ട് 50 ശതമാനം മാർക്ക് ടെസ്റ്റിനും പത്തു ശതമാനം മാർക്ക് അവരുടെ ക്വാളിഫൈയിംഗ് എക്സാമിനേഷനും അഞ്ച് ശതമാനം മാർക്ക് എക്സ്പീരിയൻസിനും തൊട്ടപ്പുറത്തുള്ള ലൊക്കാലിറ്റിയിൽനിന്നുള്ള വരാണെങ്കിൽ പത്തു ശതമാനം മാർക്കും ഇന്റർവ്യൂവിന് 25 ശതമാനം മാർക്കും ഇത്തരത്തിൽ ട്രാൻസ്പരന്റായ രീതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. നിങ്ങൾക്ക് ദണ്ഡം തോന്നും. കാരണമെന്താണെന്ന് അറിയാമോ? അഞ്ചു വർഷംകൊണ്ട് മൂവായിരം പേരെ വി.ആർ.എസ്. കൊടുത്ത് പറഞ്ഞുവിട്ട വർക്ക് 1900 പേർക്ക് പുതിയ നിയമനം കൊടുക്കുമ്പോൾ പ്രയാസം തോന്നും. .....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.എം. മാണി: സർ.....(ബഹളം).....

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്.....(ബഹളം) .....പ്ലീസ്.....പ്ലീസ്.....ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് സംസാരിക്കാം. പ്രതിപക്ഷ നേതാവ് പറഞ്ഞുകഴിഞ്ഞതിനുശേഷം അങ്ങേയ്ക്ക് സംസാരിക്കാം.

ധനകാര്യ വകുപ്പു മന്ത്രി ഡോ. റ്റി. എം. തോമസ് ഐസക്: എന്നോട് ഒരു ചോദ്യം ചോദിക്കാൻവേണ്ടി എഴുന്നേറ്റതാണ്. .....(ബഹളം).....

മി. സ്പീക്കർ: പ്രതിപക്ഷ നേതാവ് കഴിഞ്ഞ് അങ്ങ് സംസാരിക്കുന്നുണ്ടല്ലോ? .....(ബഹളം).....ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്..... പ്ലീസ്.....

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി, പത്രത്തിൽ വന്നത് .....(ബഹളം) .....ഈ കോർപ്പറേഷൻ രൂപീകരിക്കാനും ഈ തസ്തികകൾ സൃഷ്ടിക്കാനും തീരുമാനമെടുത്തുവെന്നുള്ളത് ജനുവരി മാസത്തെ അവസാനത്തെ ക്യാബിനറ്റിൽ വന്നിട്ടുള്ള തീരുമാനമാണ്. എന്നിട്ട് അതിന്റെ നിയമനം പി.എസ്.സി-ക്ക് വിടുന്നില്ല. ശരി. സമ്മതിച്ചു. പിന്നെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്തിനാണ്? .....(ബഹളം) .....

ഡോ. തോമസ് ഐസക്: എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി മാത്രമേ നിയമിക്കാൻ പാടുള്ളൂ എന്നില്ല. വേറെ ട്രാൻസ്പരന്റ് പ്രൊസീഡ്യൂവേഴ്സുണ്ട്. .....(ബഹളം) .....

ശ്രീ. കെ.എം. മാണി: Sir, I am on a point of order.....ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി .....(ബഹളം) .....

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്.....അങ്ങ് പ്രസംഗം അവസാനിപ്പിക്കൂ .....ഇതു കഴിഞ്ഞിട്ട് അങ്ങേയ്ക്ക് സംസാരിക്കാം.....(ബഹളം) ..... അങ്ങ് സംസാരിച്ച് അവസാനിപ്പിക്കണം.

ശ്രീ. ഉമ്മൻ ചാണ്ടി: ധനകാര്യ മന്ത്രി, അങ്ങ് പറഞ്ഞു നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി വേണമെന്നില്ല എന്ന്. 45 ലക്ഷം ചെറുപ്പക്കാർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്തു കാത്തിരിക്കുകയാണ്. എന്നിട്ട് എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞോ?

ഡോ. തോമസ് ഐസക്: 45 ലക്ഷം ചെറുപ്പക്കാരെക്കുറിച്ച് ചിന്തിച്ചിട്ടാണോ നിങ്ങൾ 3,000 പേരെ വി.ആർ.എസ്. കൊടുത്ത് പറഞ്ഞുവിട്ടത്.....(ബഹളം).....

ശ്രീ. ഉമ്മൻ ചാണ്ടി: സർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ വി.ആർ.എസ്. തുടങ്ങിയത് ആരാണ്? ഇ.കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന കാലത്ത് സുശീലാ ഗോപാലനാണ് അത് തുടങ്ങിവച്ചത്. ഇപ്പോൾ മനസ്സിലായി. ഇവിടെ പി.എസ്.സി.-യും വേണ്ട, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും വേണ്ട, ഇവിടെ പാർട്ടി മതി.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക്: പ്രതിപക്ഷ നേതാവേ, 31,000 പോസ്റ്റുണ്ടാക്കി പി.എസ്.സി.-ക്ക് വിടുകയും ഒന്നര ലക്ഷത്തിൽപ്പരം പേർക്ക് നിയമനം കൊടുക്കുകയും ചെയ്ത സർക്കാരാണിത്.

ശ്രീ. ഉമ്മൻ ചാണ്ടി: അതുപോലെതന്നെ ഞങ്ങളുടെ കാലത്തും കൊടുത്തിട്ടുണ്ട്. അഞ്ചു കൊല്ലത്തെ കണക്കെടുത്ത് നോക്കിക്കോ. ഇവിടെ മറുപടി വന്നിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ ഈ ഗവൺമെന്റ് നോക്കുകുത്തിയാക്കിയിരിക്കുകയാണ്. 45 ലക്ഷം ചെറുപ്പക്കാരെ നിങ്ങൾ വഞ്ചിച്ചിരിക്കുന്നു. ഡോ. തോമസ് ഐസക്, ഇത് കേരളമാണ്..... (ബഹളം) ..... നിയമനം കിട്ടുന്ന ആളുകളുടെ ലിസ്റ്റ് വരും. അപ്പോൾ സ്വന്തക്കാരും ബന്ധുക്കളും ആരൊക്കെയാണെന്നത് ഈ കേരളത്തിലെ ചെറുപ്പക്കാർ തിരിച്ചറിയും. സംശയമൊന്നുമില്ല. നിങ്ങൾക്ക് പറയാൻ സാധിക്കില്ല. കേരളാ യൂണിവേഴ്സിറ്റിയിൽ നടന്നത് കണ്ടില്ലേ? 40,000 പേർ പരീക്ഷയെഴുതിയ പേപ്പർ കാണാനില്ല. ഇത് ആരുടെ കാലത്ത് നടത്തിയ ടെസ്റ്റാണ്? യു.ഡി.എഫ്-ന്റെ കാലത്ത് നടത്തിയ ടെസ്റ്റാണ്. അതിനകത്ത് എന്തെങ്കിലും ക്രമക്കേടുണ്ടെങ്കിൽ സംരക്ഷിക്കേണ്ട ചുമതല നിങ്ങൾക്കില്ലല്ലോ? നിങ്ങൾക്ക് തുറന്ന് പറയാമല്ലോ? 40,000 പേരെഴുതിയ ടെസ്റ്റിന്റെ പേപ്പർ എങ്ങനെ കാണാതെപോയി? ഇക്കാര്യത്തിൽ എന്താണ് നിങ്ങൾക്ക് പറയാനുള്ളത്? അപ്പോൾ നിങ്ങൾ എന്തും കാണിക്കും. പരീക്ഷാ പേപ്പർ മാറ്റിവയ്ക്കുകപോലും ചെയ്തിട്ട് അതിന്റെ മാർക്ക് തിരുത്തി ഇഷ്ടക്കാരെ നിയമിക്കാൻവേണ്ടി എന്തും കാണിക്കുമെന്ന് തെളിയിച്ചു. ഇന്ന് കേരളത്തിൽ നടക്കുന്നത് അതാണ്. കേരളത്തിലെ ചെറുപ്പക്കാർ ഈ വൻചതി തിരിച്ചറിയും. ഇതിന് അടുത്ത തെരഞ്ഞെടുപ്പിൽ കേരളത്തിലെ ചെറുപ്പക്കാർ തിരിച്ചടിക്കും. യാതൊരു സംശയവുമില്ല. ഇതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവ് ശ്രീ. ഉമ്മൻ ചാണ്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. കെ.എം. മാണി: I am on a point of order. .....(ബഹളം) ..... ഞാൻ പോയിന്റ് ഓഫ് ഓർഡറാണ് ഉന്നയിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി പോകുകയാണ്. ടെമ്പററി നിയമനത്തിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽക്കൂടി നിയമിക്കണമെന്ന് നിയമമില്ല എന്ന് ധനകാര്യമന്ത്രി ഇവിടെവച്ച് പ്രസ്താവിക്കുകയുണ്ടായി. ഞാൻ അതിനെ ചോദ്യം ചെയ്യുകയാണ്. നിയമം ഉണ്ട്. പാർലമെന്റ് പാസ്സാക്കിയ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് ടെമ്പററി വേക്കൻസീസ് ആക്ട് അനുസരിച്ച് ടെമ്പററി വേക്കൻസികളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്ന് മാത്രമേ നിയമിക്കാവൂ എന്ന് കേന്ദ്ര നിയമമുള്ളപ്പോൾ അതിന് വിപരീതമായി ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറഞ്ഞത് ശരിയാണോ? എന്റെ പോയിന്റ് ഓഫ് ഓർഡർ അങ്ങ് ക്ലിയർ ചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അത് പരിശോധിക്കാം.***

[10.00 A.M.]

ശ്രീ. കെ. എം. മാണി: സർ, ഞാൻ ബഹുമാനപ്പെട്ട ഗവൺമെന്റിനോട് പറയുന്നത് നിങ്ങൾ നിയമം വയലേറ്റ് ചെയ്യുന്നു. രണ്ട് നിയമങ്ങൾ ആണ് ഇവിടെയുള്ളത്. ഇവിടെ സ്ഥിരം നിയമനം ഉണ്ട്. അത് പി.എസ്.സി.ക്ക് വിടണം. അത് നിയമമാണ്. പി.എസ്.സി.യുടെ നിയമമുണ്ട്. ടെമ്പററി വേക്കൻസിയാണെന്നുണ്ടെങ്കിൽ Compulsory Notification of Vacancies Act അനുസരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽക്കൂടിമാത്രമേ നിയമിക്കാവൂ. അങ്ങനെ നിയമിക്കാതെ, നിങ്ങൾ നടത്തിയിട്ടുള്ള നിയമനം violation of Central Act ആണ്. വയലേഷനുവേണ്ടി നിങ്ങളെ പ്രോസിക്യൂട്ട് ചെയ്യാൻ കഴിയും. നിങ്ങൾക്കെതിരെ നടപടി എടുക്കാൻ കഴിയും. അത്ര ഗുരുതരമായ തെറ്റാണ് നിങ്ങൾ ചെയ്തിരിക്കുന്നത്. എന്നിട്ട് യാതൊരു ഉളിപ്പുമില്ലാതെ മുഖ്യമന്ത്രി ആ കസേരയിൽ ഇരുന്ന് എല്ലാം ഭദ്രമാണ് എന്ന് പറഞ്ഞിട്ടെന്താണ് കാര്യം? അദ്ദേഹത്തിന് അങ്ങനെയൊരു തെറ്റിദ്ധാരണയുണ്ടെങ്കിൽ നീക്കാം. അദ്ദേഹം പറഞ്ഞു സ്ഥാപനങ്ങൾ വഴിയാണ് ഇത് മുഴുവൻ നടത്തിയിരിക്കുന്നത് എന്ന്. സ്ഥാപനങ്ങൾ വഴിയാണ് നടത്തിയതെങ്കിൽ നിയമവിരുദ്ധമല്ലെന്നുണ്ടോ? സ്ഥാപനങ്ങൾ വഴിയാണെങ്കിൽപ്പോലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽക്കൂടി നടത്തേണ്ടത് നടത്താതെ സ്ഥാപനങ്ങളിൽ ഇന്റേണൽ സംവിധാനങ്ങളുണ്ടാക്കി അപ്പോയിന്റ്മെന്റ് നടത്തുന്നത് നിയമവിരുദ്ധമാണെന്ന് ഇപ്പോഴെങ്കിലും മുഖ്യ മന്ത്രി മനസ്സിലാക്കണം. നിയമം ലംഘിക്കുന്നതിന് നിങ്ങൾ കൂട്ടുനിൽക്കുകയാണ്. നിങ്ങൾ ചെയ്തിരിക്കുന്നത് വളരെ തെറ്റായിട്ടുള്ള കാര്യമാണ്. ഡോ.തോമസ് ഐസക് പറയുന്നത് ഇവിടെ ഇല്ലാത്ത സ്ഥാപനത്തിന് ക്യാബിനറ്റ് ഡിസിഷൻ കഴിഞ്ഞ് ഒരു മാസം കൊണ്ട് മെഷിനറി ഇറക്കിയെന്നാണ്. അപ്പോൾ മെഷിനറി ഇറക്കുന്നതാണ് നിങ്ങൾക്ക് പ്രധാനപ്പെട്ട കാര്യം. എങ്ങനെയാണ് മെഷിനറി ഇറക്കിയത്? ഒരു സ്ഥാപനം ഉണ്ടായോ? ക്യാബിനറ്റ് ഡിസിഷൻ കഴിഞ്ഞ് ഒരു മാസംകൊണ്ട് ഒരു കമ്പനി രൂപീകരിക്കാൻ കഴിയുമോ? ഒരു പബ്ലിക് സെക്ടർ ഇൻസ്റ്റിറ്റ്യൂഷൻ ഉണ്ടാകുമോ? ഇവിടെ പബ്ലിക് സെക്ടർ ഇൻസ്റ്റിറ്റ്യൂഷൻ രൂപീകരിക്കപ്പെട്ടിട്ടില്ല എന്ന് ഞാൻ പറയുന്നു. രൂപീകരിക്കപ്പെടാത്ത ഒരു പബ്ലിക് സെക്ടർ ഇൻഡസ്ട്രിക്ക് അപ്പോയിന്റ്മെന്റ് നടത്തുകയാണ്. അപ്പോൾ നിങ്ങൾക്ക് നിയമനമായിരുന്നു പ്രധാനം. പാർട്ടിക്കാരേയും ബന്ധു ക്കളേയും സ്വന്തക്കാരേയും കുത്തിത്തിരുകുന്നതിനുവേണ്ടി, അഴിമതി നടത്തു ന്നതിനുമാത്രം ഉദ്ദേശിച്ച് സംവരണ തത്വങ്ങൾപോലും ലംഘിച്ചുകൊണ്ട് നിങ്ങൾ നടത്തിയിട്ടുള്ള നിയമനം പുനഃപരിശോധിക്കണം. ഇത് റദ്ദ് ചെയ്യണം. അതിന് കൂട്ടുനിൽക്കുന്ന ഈ സർക്കാരിന്റെ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു .....(ബഹളം).....

(ശ്രീ. കെ.എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

*** 18-2-2010-ന് ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, സംസ്ഥാനത്ത് 45 ലക്ഷത്തോളം വരുന്ന ചെറുപ്പക്കാർ ജോലിക്ക് വേണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്ത് വർഷങ്ങളോളം കാത്തിരുന്ന് ഏജ് ഓവറായി അവർക്ക് ഒരു കാർഡുപോലും വരാതെ നീതി നിഷേധിക്കപ്പെട്ട ഒരു സാഹചര്യത്തിലാണ് ഈ സംഭവം നടന്നിരിക്കുന്നത്. ഇവിടെ നിലവിലില്ലാത്ത പൊതുമേഖലാസ്ഥാപനങ്ങളിലേയ്ക്ക് ഏതാണ്ട് 1919 തസ്തികകൾ സൃഷ്ടിക്കാൻ ക്യാബിനറ്റ് തീരുമാനമെടുത്തു. താൽക്കാലിക ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രം നിയമിക്കേണ്ടതാണ് എന്ന നിയമം നിലവിലിരിക്കെ അത്തരത്തിൽ നിയമിക്കാൻ വ്യവസ്ഥയില്ലെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. ഇത് സ്വന്തക്കാരെ നിയമിക്കാൻവേണ്ടിയുള്ള നടപടിയുടെ ഭാഗമായിട്ടാണ്. കേരള യൂണിവേഴ്സിറ്റിയിൽ ഏതാണ്ട് 40,000-ത്തോളം പേർ ടെസ്റ്റ് എഴുതി. പക്ഷേ അതിന്റെ ഉത്തരക്കടലാസ് പോലും കാണാതെ പോയി. ഇത്തരത്തിലുള്ള നിയമവിരുദ്ധമായ കാര്യങ്ങളാണ് ഇന്ന് നടന്നുവരുന്നത്. അതോടൊപ്പം ഈ സംവരണതത്വം പൂർണ്ണമായി ലംഘിക്കപ്പെടുകയാണ്. ഈ സഭയിൽ നിരവധി പ്രാവശ്യം സംവരണതത്വം പൂർണ്ണമായി പാലിക്കണമെന്നുള്ളത് സംബന്ധിച്ച് ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. ഇന്ന് ഈ നിയമനങ്ങളിലൊന്നുതന്നെ സംവരണതത്വം പാലിച്ചിട്ടില്ല. സാമൂഹ്യനീതി നിഷേധിക്കപ്പെട്ട നിയമനങ്ങളാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് നിയമവിരുദ്ധമായ ഈ നിയമനം സംബന്ധിച്ച് സർക്കാരെടുത്ത തീരുമാനങ്ങൾ പുനഃപരിശോധിക്കണം. അടിയന്തിരമായി ഇന്ന് നടത്തിയിട്ടുള്ള നിയമനം നിർത്തിവച്ച് നിയമവ്യവസ്ഥകൾക്ക് വിധേയമായിക്കൊണ്ടും സംവരണതത്വം പൂർണ്ണമായി പാലിച്ചുകൊണ്ടും നിയമനം നടത്താനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കാത്തതിലും ഈ അടിയന്തിരപ്രമേയം ചർച്ച ചെയ്യാൻ അവസരം നൽകാത്തതിലും പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. സി.ടി. അഹമ്മദ് അലിയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി. പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ സഭയിൽ ഹാജരായി.)

[അദ്ധ്യക്ഷവേദിയിൽ മി.ഡെപ്യൂട്ടി സ്പീക്കർ]

III ശ്രദ്ധ ക്ഷണിക്കൽ

(1) സംസ്ഥാന വ്യാപകമായി വഴിയോര കച്ചവടം നടത്തുന്നവരുടെ പ്രശ്നങ്ങൾ

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, നമ്മുടെ രാജ്യത്തെ വളരെ പ്രധാനപ്പെട്ട മേഖലയിലെ പാവപ്പെട്ട തൊഴിലാളികളുടെ വിഷയമാണ് ശ്രദ്ധ ക്ഷണിക്കലിലൂടെ ഈ സഭയുടെ മുമ്പാകെ ഞാൻ അവതരിപ്പിക്കുന്നത്. രാജ്യത്ത് ഏറ്റവും അസംഘടിതമായിട്ടുള്ള മേഖലയിലെ പ്രധാനപ്പെട്ടൊരു തൊഴിലാളിവിഭാഗമാണ് വഴിയോരക്കച്ചവടക്കാർ. കേരളത്തിലെ വിവിധ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലെ അതിർത്തികളിലുമായി രണ്ട് ലക്ഷത്തിലധികം കുടുംബങ്ങൾ വഴിയോര കച്ചവടമേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തി കുടുംബജീവിതം നയിക്കുന്നവരാണ്. ഇത്രയും വലിയൊരു ജനവിഭാഗമായ വഴിയോരക്കച്ചവടക്കാരുടെ പ്രശ്നങ്ങൾ വളരെ ഗൗരവമായിട്ടുള്ളതാണ്. പലപ്പോഴും പാവപ്പെട്ട ജനവിഭാഗങ്ങൾ തെരുവോരങ്ങളിൽ കച്ചവടം നടത്തിക്കൊണ്ടിരിക്കുന്ന സന്ദർഭങ്ങളിലെല്ലാം പോലീസ്, നഗരസഭ, മുനിസിപ്പാലിറ്റി എന്നിവയുടെ ഭാഗത്തുനിന്നും വളരെ ഏകപക്ഷീയമായ

LIBRARY ARCHIVES Kerala Legislative Assembly